# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/79/2018 2018 ഏപ്രിൽ 20

## പത്രക്കുറിപ്പ്

**എം.ബി.എ പ്രവേശനം**

സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ്സ് സ്റ്റഡീസിസിലെ എം.ബി.എ പ്രോഗ്രാമിൽ 2018–19 അക്കാദമിക വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷ മെയ് 10 വരെ സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്ക് മെയ് 4 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻഫോർമേഷൻ ടെക്നോളജി (റഗുലർ/സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 4 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ/സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 4 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2017 നവംബറിൽ നടത്തിയ ഫൈനൽ പ്രഫഷണൽ ബി.ഡി.എസ് സപ്ലിമെൻററി (2008 അഡ്മിഷൻ പുതിയ സ്കീം/2008 ന് മുമ്പുള്ള പഴയ സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് മെയ് 3 വരെ അപേക്ഷിക്കാം.

**സീനിയർ റിസർച്ച് ഫെലോ ഒഴിവ്**

സ്കൂൾ ഓഫ് ബയോസയൻസസിൽ, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് (ICMR) അനുവദിച്ചിട്ടുള്ള പ്രൊജക്ടിൽ ഒരു സീനിയർ റിസർച്ച് ഫെല്ലോയെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 27 (5 മണി). വിശദവിവരങ്ങൾക്ക്: www.mgu.ac.in

**മൂല്യ നിർണ്ണയ ക്യാമ്പ്**

2018 ജനുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടന്ന 1,4,6 സെമസ്റ്റർ സി.ബി.സി.എസ്.എസ് പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പ് ഏപ്രിൽ 24 ന് ആലുവ യു.സി കോളേജ്, നാട്ടകം ഗവ. കോളേജ്, ചങ്ങനാശേരി ക്രിസ്തുജ്യോതി കോളേജ് ഓഫ് മാനേജ്മെൻറ് ആൻറ് ടെക്നോളജി, പാലാ അൽഫോൺസാ കോളേജ്, കോഴഞ്ചേരി സെൻറ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, തൃപ്പൂണിത്തറ ചിന്മയ വിദ്യാപീഠ്,ഇടുക്കി ജെ.പി.എം ബി.എഡ് കോളേജ് എന്നിവിടങ്ങളിൽ ആരംഭിക്കും. അധ്യാപകർ ഏപ്രിൽ 24 ന് ക്യാമ്പുകളിൽ ഹാജരാകണം.

**എം.എ ഹിസ്റ്ററി (പ്രൈവറ്റ്): പ്രത്യേക വൈവ**

നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി (പ്രൈവറ്റ്) ഡിസംബർ 2017 പരീക്ഷയുടെ വൈവാവോസിക്ക് ഹാജരാകാതിരുന്ന ആറു വിദ്യാർഥികൾക്കായി (150080025091, 25093, 25104, 25105, 25106, 25109) പ്രത്യേക വൈവാവോസി പരീക്ഷ ഏപ്രിൽ 26 ന് സർവ്വകലാശാലാ കാമ്പസിൽ (റൂം നമ്പർ 201– പുതിയ പരീക്ഷാഭവനിൽ) വെച്ച് ഉച്ചകഴിഞ്ഞ് 2 ന് നടത്തുന്നതാണ്. വിദ്യാർഥികൾ

സ്പെഷ്യൽ ഫീസ് അടച്ചതിൻെറ രേഖയും ഹാൾ ടിക്കറ്റുമായി ഹാജരാകണം.

## ആഗോള ജൈവ സംഗമം: ഒരുക്കങ്ങൾ പൂർത്തിയായി

### ഭക്ഷ്യ-കാർഷിക പ്രദർശനവും ചലച്ചിത്ര മേളയും ചിത്രരചനാ ക്യാമ്പും ഇന്നു മുതൽ

മഹാത്മാഗാന്ധി സർവകലാശാല കോട്ടയം സി.എം.എസ് കോളേജിൽ സംഘടിപ്പിക്കുന്ന ചതുർദിന ആഗോള ജൈവ സംഗമത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായി. ഞായറാഴ്ച ആരംഭിക്കുന്ന രാജ്യാന്തര സെമിനാറിന് മുന്നോടിയായി ഭക്ഷ്യ-കാർഷിക പ്രദർശനവും, കാർഷിക പരിസ്ഥിതി ചലച്ചിത്ര മേളയും, ജൈവാധിഷ്ഠിത വിഷയങ്ങളിൽ നടക്കുന്ന ത്രിദിന ചിത്രരചനാ ക്യാമ്പും ഇന്ന് (ഏപ്രിൽ 21) ആരംഭിക്കും.

രാവിലെ 10.00-ന് 'ജി. അരവിന്ദൻ കുല'ത്തിൽ (ജോസഫൈൻ ഹാൾ) നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേം പ്രകാശ് അവതരണ ചലച്ചിത്ര പ്രകാശനം നിർവ്വഹിക്കും. കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിലെ അനിമേഷൻ പഠന വിഭാഗത്തിലെ വിദ്യാർത്ഥികളാണ് അവതരണ ചിത്രം ഒരുക്കിയത്. സിനിമ സംവിധായകരായ ജോഷി മാത്യു, എബ്രിഡ് ഷൈൻ എന്നിവർ പങ്കെടുക്കും. പ്രൊ-വൈസ്-ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഡോ. എം. എസ്. മുരളി, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ എന്നിവർ സംസാരിക്കും. ഇരുപത് പ്രശസ്ത ചിത്രകാരന്മാർ പങ്കെടുക്കുന്ന തത്സമയ ചിത്രചാന ക്യാമ്പും ഇന്ന് നടക്കും.

വൈകിട്ട് 4.30 -ന് 'ഫുകുവോക കുല'ത്തിൽ (ഗ്രേറ്റ് ഹാൾ) നടക്കുന്ന ചടങ്ങിൽ വച്ച് ജൈവ ഭക്ഷ്യ-കാർഷിക പ്രദർശനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. കലാസാംസ്കാരിക പരിപാടികൾ കോട്ടയം മുൻസിപ്പൽ ചെയർ പേഴ്സൺ ഡോ. പി. ആർ സോന ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ പ്രഗാഷ്, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, എൻ.എസ്.എസ്. റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു, കെ. വി. ദയാൽ, ജോർജ് മുല്ലക്കര, ഡോ. സന്തോഷ് പി. തമ്പി എന്നിവർ സംസാരിക്കും. കലാസന്ധ്യയിൽ വൈകിട്ട് 6.30 -ന് പെരിങ്ങോട് സുബ്രഹ്മണ്യനും സംഘവും അവതരിപ്പിക്കുന്ന ഇടയ്ക്ക കച്ചേരി നടക്കും.

സംഗമത്തോടനുബന്ധിച്ചുള്ള ഭക്ഷ്യ-കാർഷിക മേളയിൽ സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന 100 പ്രദർശന-വില്പന സ്റ്റാളുകൾ ഒരുക്കിക്കഴിഞ്ഞു. 20 കർഷകരുടെ സ്റ്റാളുകളും ഇതിൽ ഉൾപ്പെടും. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, ചത്തീസ്ഗഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 35 കർഷകർ സംഗമത്തിൽ പങ്കെടുക്കും. ഗുണമേന്മയാർന്ന ജൈവ പച്ചക്കറികൾ വിത്തുകൾ, തൈകൾ, നെല്ലിക്ക, കാന്താരി സിറപ്പ്, ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ്, ചക്കയുൽപ്പന്നങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, മാലിന്യ സംസ്കരണ ഉപാധികൾ, ജൈവ സുഗന്ധവ്യഞ്ജനങ്ങൾ, നഴ്സറി ഉൽപ്പന്നങ്ങൾ, ഔഷധ സസ്യങ്ങൾ, ഗവ്യ ഉൽപ്പന്നങ്ങൾ, ജൈവ അരി, തുടങ്ങിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന സ്റ്റാളുകളാണ് സജ്ജമാക്കിയിട്ടുള്ളത്.

ജൈവഭക്ഷ്യോത്പന്നങ്ങളുടെ കയറ്റുമതിക്ക് ആവശ്യമായ ഓർഗാനിക് സർട്ടിഫിക്കേഷനു വേമാർഗനിർദേശങ്ങളും സേവനങ്ങളും എക്കോ ലാന്റ് എന്ന ജർമ്മൻ വ്യാപാര സംഘടനയുടെ സഹകരണത്തോടെ ലാക്കോൺ ഇൻഡ്യയുടെ സ്റ്റാളിൽ ലഭിക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോട്ടയം സി.എം.എസ് കോളേജ് ദ്വിശതാബ്ധി ആഘോഷ സമിതി എന്നിവരും എം.ജി. സർവകലാശാലയുടെ ആഗോള ജൈവ സംഗമത്തിൽ സഹകരിക്കുന്നു്.

സംഗമത്തോടനുബന്ധിച്ച് നടത്തുന്ന ജൈവകൃഷി പ്രായോഗിക പരിശീലനത്തിൽ മണ്ണൊരുക്കൽ, കമ്പോസ്റ്റിംഗ്, ഗ്രോബാഗ് നിറയ്ക്കൽ, വിത്ത് സംസ്ക്കരണം, നടീൽ, ജൈവവള നിർമ്മാണം, ജൈവ കീടനാശിനി നിർമ്മാണം, സംശയനിവാരണം എന്നിവ രാവിലെ 10.30 മുതൽ 11.30 വരെയും, ഉച്ചയ്ക്ക് 12.00 മുതൽ 1.00 വരെയും, വൈകിട്ട് 4.00 മുതൽ 5.00 വരെയും നടക്കുന്നതാണ്.

പ്രദർശനത്തോടനുബന്ധിച്ച് ഒരുക്കുന്ന വനനിരീക്ഷണ യാത്ര ഈ കാർഷിക മേളയിൽ വേറിട്ട അനുഭവമാകും. അന്താരാഷ്ട്ര സെമിനാർ ഒഴികെയുള്ള വേദികളിൽ പ്രവേശനം സൗജന്യമാണ്, ഭക്ഷ്യ കാർഷിക പ്രദർശനത്തിലേക്ക് രാവിലെ 10.00 മുതൽ വൈകിട്ട് 7.00 വരെയാണ് പ്രവേശനം.

**ചലച്ചിത്ര മേളയിൽ ഇന്ന്:**

രാവിലെ 10.30 ന് കാഞ്ചനസീത (ജി. അരവിന്ദൻ), 12.00 ന് കുട്ടനാട് ഒരു മരുത തിണ (പ്രദീപ് നായർ), 1.45-ന് ദി എമറാൾഡ് ഫോറസ്റ്റ് (ജോൺ ബൂർമാൻ), 4.15-ന് ബ്ലാക് ഫോറസ്റ്റ് (ജോഷി മാത്യു)

**ചലച്ചിത്ര മേളയിൽ നാളെ:**

രാവിലെ 10.00 ന് സ്ഥലം (കവിയൂർ ശിവപ്രസാദ്), 11.45 ന് ഓർഗാനിക് ഫാമിംഗ്, 1.30-ന് പുതിയ

ആകാശം പുതിയ ഭൂമി (എം. എസ്. മണി), 4.30-ന് കുട്ടികളുടെ സിനിമകൾ (എസ്.ഐ.ഇ.ടി.)

ആഗോള ജൈവസംഗമവും  അന്താരാഷ്ട്ര സെമിനാറും നാളെ (ഞായർ) ആരംഭിക്കും:

നാളെ (ഞായർ) വൈകീട്ട് 4.45-ന് നടക്കുന്ന **ആഗോള ജൈവ സംഗമവും അന്താരാഷ്ട്ര സെമിനാറും** ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു.ടി.തോമസ് **ഉദ്ഘാടനം ചെയ്യും**. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് റിപ്പോർട്ട് അവതരിപ്പിക്കും. സി.എസ്.ഐ. മദ്ധ്യകേരളാ ഡയോസിസ് ബിഷപ്പ് റവ. തോമസ് കെ ഉമ്മൻ വിശിഷ്ടാതിഥിയാകും യോഗത്തിൽ തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. രാമസ്വാമി മുഖ്യപ്രഭാഷണം നടത്തും. ഗോവ ഫൗഷേൻ എൻവയോൺമെന്റൽ മോണിറ്ററിംഗ് ആക്ഷൻ ഗ്രൂപ്പ് ഡയറക്ടർ ഡോ. ക്ലോഡ് അൽവാരിസ് സെമിനാർ അബ്സ്ട്രാക്ട് ബുക്കിന്റെ പ്രകാശനവും ഓർഗാനിക് ഫാമിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. സുജാത ഗോയൽ എക്സിബിഷൻ ഗൈഡിന്റെ പ്രകാശനവും നിർവ്വഹിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എസ്. സുജാത, പ്രൊഫ. വി.എസ്. പ്രവീൺകുമാർ, സി.എം.എസ്. കോളേജ് പ്രിൻസിപ്പലും സിൻഡിക്കേറ്റംഗവുമായ ഡോ. റോയ് സാം ഡാനിയേൽ, എസ്.ബി.ഐ. ജനറൽ മാനേജർ ജെ.കെ. ഠാക്കർ, സംസ്ഥാന എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എസ്. ജയലളിത, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി, എന്നിവർ ചടങ്ങിൽ സംസാരിക്കും. കലാസന്ധ്യയിൽ പണ്ഡിറ്റ് റോണു മജുംദാർ, തബലയിൽ രത്നശ്രീ അയ്യർക്കൊപ്പം ഹിന്ദുസ്ഥാനി പുല്ലാങ്കുഴൽ കച്ചേരി അവതരിപ്പിക്കും.

അടിക്കുറിപ്പ്

1. മഹാത്മാഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന ആഗോള ജൈവസംഗമ വേദികളുടെ അവസാന മിനുക്കുപണികൾ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിരീക്ഷിക്കുന്നു.
2. ആഗോള ജൈവസംഗമത്തോടനുബന്ധിച്ച് ഒരുക്കിയിരിക്കുന്ന വന നിരീക്ഷണത്തിനായി ഒരുക്കിയ സ്ഥലം വൈസ് ചാൻസലർ സന്ദർശിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**